പോലീസ് വകുപ്പിൽ നിന്ന് വിദേശത്ത് പോയവർ

43 (44) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ നിന്നും എത്ര പേർ വിദേശ രാഷ്ട്രങ്ങളിൽ പോയിട്ടുണ്ട് ; ഇതിൽ ആഫീസർമാർ എത്ര? കോൺസ്റ്റബിൾമാർ എത്ര ;

(ബി) സ്വകാര്യ സന്ദർശനം നടത്തിയവർ എത്ര ; ഔദ്യോഗിക സന്ദർശനം നടത്തിയവർ എത്ര ;

(സി) ഔദ്യോഗിക സന്ദർശനത്തിന് എന്തു തുക ചെലവായി എന്നറിയിക്കുമോ ?

ഉത്തരം

(എ) 170 പേർ

ഓഫീസർമാർ - 22

കോൺസ്റ്റബിൾമാർ - 148

(ബി) സ്വകാര്യ സന്ദർശനം നടത്തിയവർ - 154

ഔദ്യോഗിക സന്ദർശനം നടത്തിയവർ - 16

(സി) വിവരം ശേഖരിച്ചു വരുന്നു.

മാറനല്ലൂരിലെ സാമൂഹ്യവിരുദ്ധന്മാരുടെ പ്രവർത്തനങ്ങൾ

44 (45) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെയ്യാറ്റിൻകര താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ 2000 ഏപ്രിൽ മാസത്തിൽ സാമൂഹ്യവിരുദ്ധരുടെ വിളയാട്ടം നടന്നിട്ടുള്ളതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഈ പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കാൻ പോലീസിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്. ഇത് സംബന്ധിച്ച് മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം 107/2000, ക്രൈം 113/2000 എന്നീ രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

(ഇ) പോലീസ് പിക്കറ്റുകൾ ഏർപ്പെടുത്തിയും ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും സമാധാനം പുന;സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജനകീയ പോലീസ് പദ്ധതി

45 (46) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ പോലീസ് പദ്ധതി, പോലീസിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറയ്ക്കുമെന്ന് ഉയർന്ന പോലീസ് ആഫീസർമാർ ആരെങ്കിലും ഡി.ജി.പി.ക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ വിശദീകരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ കാര്യങ്ങളെപ്പറ്റി പരിഗണിച്ചുവോ ; എങ്കിൽ ഫലമെന്ത് ;

(ഡി) പരിഗണിക്കാത്ത പക്ഷം അതിനുള്ള കാരണമെന്താണ് ;

(ഇ) ജനകീയ പോലീസ് പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഈ പദ്ധതി എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ജനകീയ പോലീസ് പദ്ധതി സംബന്ധിച്ച കരട് രൂപരേഖയുടെ ഒരു "പ്രിലിമിനറി ഡ്രാഫ്റ്റ്" പോലീസ് വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഡി.ജി.പി. അയച്ചു കൊടുത്ത് അഭിപ്രായം ആരാഞ്ഞിട്ടുള്ളതും, പ്രസ്തുത പദ്ധതിയുടെ ഗുണദോഷവശങ്ങളെപ്പറ്റിയും ഇത് നടപ്പിലാക്കുന്നതിനെപ്പറ്റിയുമുള്ള പല നിർദ്ദേശങ്ങളും ഡി. ജി. പി.യെ അറിയിച്ചിട്ടുള്ളതുമാകുന്നു.

(ഇ-എഫ്) ഇതു സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള ആളുകളിൽ നിന്നും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

മന്ത്രിമാർ തലസ്ഥാനത്തുണ്ടായിരുന്ന ദിവസങ്ങൾ

46(48) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly